# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 03 PUBLISHED FROM DELHI PRICE Rs. 3/- MARCH 2013


## പ്രത്യാശ ക്രിസ്തീയതയുടെ മുഖമുദ്ര: റവ. എംബെറ്റെ

**മാരാമൺ**: പ്രതീക്ഷകളെ ഉണർവ്വോടെ നിലനിർത്തണമെന്ന് ദക്ഷിണാഫ്രിക്കൻ മിഷനറി റവ. ആൻഡിലെ എംബെറ്റെ. ഇരുളിൽ മുങ്ങുമ്പോഴും പ്രകാശത്തിന്റെ ദിനം വരുമെന്ന ശുഭപ്രതീക്ഷയാണ് ക്രിസ്തീയതയുടെ മുഖമുദ്ര. അധാർമികത വളരുന്ന ലോകത്തിലും നീതിയുടെയും ധർമ്മത്തിന്റെയും പ്രഭാതം പുലരുമെന്ന പ്രതീക്ഷയാണ് ക്രിസ്തുസാക്ഷ്യത്തിന്റെ അന്തസ്സത്തയെന്ന് 118-ാമത് മാരാമൺ കൺവൻഷൻ യോഗത്തിൽ അദ്ദേഹം പറഞ്ഞു.

കുറ്റകൃത്യങ്ങൾ പെരുകുന്നതിനാൽ സുരക്ഷയ്ക്കുവേണ്ടി വാതിലുകൾ അടയ്ക്കാൻ നാം നിർബന്ധിതരാകുന്നു. ആഫ്രിക്കൻ രാജ്യങ്ങളിൽ ദേവാലയങ്ങൾക്കുപോലും സുരക്ഷാകവചം ഏർപ്പെടുത്തേണ്ടിവരുന്നു. അടച്ചിട്ട വാതിലുകൾ സ്വാഗത വാക്കുകളല്ല, ഭയത്തിന്റെയും തിരസ്കാരത്തിന്റെയും ഭാഷയാണ് സംസാരിക്കുന്നത്. അധാർമ്മികത വർദ്ധിക്കുന്ന ലോകത്തിൽ ധർമ്മത്തിന്റെയും നീതിയുടെയും പ്രേരണ നൽകാൻ സഭയ്ക്കുള്ള ദൗത്യം സുപ്രധാനമാണ്. വ്രണിതമായ ലോകത്തിനുള്ള സാന്ത്വനമാണ് ആ ദൗത്യം. വശ്യമായി പുഞ്ചിരിക്കുമ്പോഴും ഉള്ളിൽ വിങ്ങുന്ന ഹൃദയങ്ങളാണ് എവിടെയും. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യർക്കു മുമ്പിൽ തന്റെ തിരുമുറിവുകൾ വെളിപ്പെടുത്തിയതുപോലെ നമ്മുടെ ആവരണങ്ങൾ അഴിച്ചുവച്ച് വ്രണിതഭാവം പങ്കുവയ്ക്കാനുള്ള വേദി ഉണ്ടോ എന്നതാണ് സുപ്രധാനമായ ചോദ്യം.

പരിശുദ്ധാത്മാവിലൂടെ മാത്രമേ രൂപാന്തരപ്പെടാനും സൗഖ്യപ്പെടാനും കഴിയൂ. ആദിമശിഷ്യരെ സുഹൃദ്സംഘമായി ആത്മാവ് ഒരുമിപ്പിച്ചു. തിന്മകൾക്കുമേൽ വിജയം വരിക്കാനുള്ള ശക്തി അതിലൂടെ അവർക്ക് ലഭിച്ചു. ആ ശക്തിയാണ് നമ്മിലൂടെ സമൂഹത്തിൽ പ്രവർത്തിക്കേണ്ടത്. ധാർമികത സംരക്ഷിക്കുന്നതിനു സഭയ്ക്കുള്ള ഉത്തരവാദിത്വം വലുതാണ്.

അസ്വസ്ഥതകൾ നിറഞ്ഞതാണ് ഇന്നത്തെ ലോകം. കഠിനാദ്ധ്വാനം, പങ്കുവയ്ക്കൽ, ആത്മനിയന്ത്രണം തുടങ്ങിയ നല്ല ഭാവങ്ങൾ സ്വാർത്ഥത, അത്യാഗ്രഹം തുടങ്ങിയവയ്ക്കു വഴിമാറി. നന്മയുടെ സംസ്ക്കാരത്തെ അപചയത്തിന്റെ സംസ്ക്കാരം കീഴ്പ്പെടുത്തുന്നു. അവിടെയാണ് ലോകത്തെ രൂപാന്തരപ്പെടുത്താനുള്ള ദൗത്യം പ്രധാനമാകുന്നത്. സ്നേഹത്തിന്റെ ശുശ്രൂഷയുടെ പങ്കിടലാണ് ക്രിസ്തീയ ദൗത്യം. പ്രാർത്ഥനയിലൂടെയും ദൈവികമായ കൈവയ്പ്പിലൂടെയും ലോകത്തെ രൂപാന്തരപ്പെടുത്താൻ കഴിയണമെന്ന് റവ. എംബെറ്റെ പറഞ്ഞു.

റവ. മാത്യു എസ്. സ്കറിയ പ്രസംഗം പരിഭാഷപ്പെടുത്തി. ഡോ. മാത്യൂസ് മാർ മക്കാറിയോസ് അധ്യക്ഷനായിരുന്നു.

മണൽപ്പുറത്തെ പന്തലിൽ തിങ്ങിനിറഞ്ഞ വിശ്വാസികൾക്ക് മുന്നിൽ ജീവിക്കുന്ന ക്രൈസ്തവ സാക്ഷ്യത്തെ പരിചയപ്പെടുത്തിക്കൊണ്ട് ഫെബ്രുവരി 10ന് ആരംഭിച്ച 118-ാം മാരാമൺ കൺവൻഷൻ 17-ാം തീയതി ഞയറാഴ്ച സമാപന സമ്മേളനത്തോടെ പര്യവസാനിച്ചു.

ദൈവത്തിന്റെ കൈകൾ എന്റെ കൂടെയുള്ളപ്പോൾ ഞാൻ എന്തിന് വിഷമിക്കണം എന്നു ചോദിച്ച, ഇരു കൈകളുമില്ലാത്ത സജയകുമാറിന്റെ ധൈര്യമാണ് യഥാർത്ഥ സാക്ഷ്യത്തിന് ഉദാഹരണമെന്ന് കൺവൻഷനിൽ സമാപന സന്ദേശം നൽകിയ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്ത പറഞ്ഞു.

ഇപ്പോൾ ഫൈൻ ആർട്സിൽ ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്ന സജയകുമാറിനോട് കൈകൾ ഇല്ലാത്തതിന് വിഷമമുണ്ടോ എന്ന് ഒരിക്കൽ മാധ്യമ പ്രതിനിധി ചോദിച്ചപ്പോഴാണ് ദൈവത്തിന്റെ കൈകൾ എനിക്കൊപ്പമുള്ളപ്പോൾ ഞാൻ എന്തിന് വിഷമിക്കണം എന്ന ധീരമായ മറുപടി വന്നത്. ആ ധൈര്യമാണ് യഥാർത്ഥ സാക്ഷ്യമെന്നു പറഞ്ഞ മെത്രാപ്പൊലീത്ത സമാപനാശീർവാദത്തിനുശേഷം തന്നെ കാണാനെത്തിയ സജയകുമാറിനെ പന്തലിലുണ്ടായിരുന്ന വിശ്വാസികൾക്ക് പരിചയപ്പെടുത്തുകയും ചെയ്തു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യൻ, ആന്റോ ആന്റണി എം.പി., എം.എൽ.എ.മാരായ കെ. ശിവദാസൻ നായർ, രാജു ഏബ്രഹാം, തോമസ് ചാണ്ടി എന്നിവർ സമാപന സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

## ഹാർവെസ്റ്റ് മിഷൻ കൺവൻഷനും ബിരുദദാന ശുശ്രൂഷയും

**നോയിഡ**: ഉത്തര ഭാരതത്തിലെ പ്രേക്ഷിത പ്രവർത്തനത്തിൽ തനതായ മുഖമുദ്ര പതിപ്പിച്ച നോയിഡ ഹാർവെസ്റ്റ് മിഷൻ ചർച്ചിന്റെ വാർഷിക കൺവൻഷനും ഹാർവെസ്റ്റ് മിഷൻ കോളജിന്റെ 11-ാമത് ബിരുദ ദാന ശുശ്രൂഷയും 2013 മാർച്ച് 8 മുതൽ 10 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു. സ്വദേശികളും വിദേശികളുമായ ദൈവദാസന്മാർ ഈ യോഗങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കും.

8, 9 തീയതികളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ വിവിധ ഘട്ടങ്ങളിലായി ശുശ്രൂഷകന്മാർക്കായുള്ള പ്രത്യേക ക്ലാസ്സുകൾ നോയിഡ, സെക്ടർ-12, ഒ. ബ്ലോക്കിലുള്ള കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തപ്പെടും. വചന പരിജ്ഞാനവും ആത്മനിറവുമുള്ള ദൈവദാസന്മാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. വിദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന ശുശ്രൂഷകന്മാർക്ക് താമസ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

8, 9 തീയതികളിൽ നോയിഡ, സെക്ടർ-12, ഒ. ബ്ലോക്കിലുള്ള കമ്മ്യൂണിറ്റി ഹാളിൽ വൈകിട്ട് 6 മണിമുതൽ കൺവൻഷൻ ആരംഭിക്കുന്നതാണ്. പാസ്റ്റർ ഷാജി യോഹന്നാൻ (കേരള) ഈ യോഗങ്ങളിൽ മുഖ്യ പ്രഭാഷകനായിരിക്കും. 10 തീയതി രാവിലെ 8 മണിക്ക് സ്നാനശുശ്രൂഷയും തുടർന്ന് സംയുക്താരാധനയും നടക്കും. ഉത്തർപ്രദേശ്, ഡൽഹി, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള എച്ച്.എം.സി. സഭാശുശ്രൂഷകന്മാരും വിശ്വാസികളും ഈ യോഗങ്ങളിൽ പങ്കെടുക്കും.

10-ാം തീയതി വൈകിട്ട് 4 മണിക്ക് എച്ച്.എം.സിയുടെ 11-ാംമത് ബിരുദദാന ശുശ്രൂഷ നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ ബിജു ജോണിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികൾ യോഗങ്ങളുടെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചുവരുന്നു.

കഴിഞ്ഞ ഒരു ദശാബ്ദമായി ഉത്തര ഭാരതത്തിലെ സുവിശേഷ പ്രവർത്തനത്തിനായ് ഒരു കൂട്ടം യുവതി യുവാക്കളെ വാർത്തെടുക്കുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. പഠനാന്തരം വിവിധ സംസ്ഥാനങ്ങളിൽ എച്ച്.എം.സിയോട് ചേർന്ന് പ്രവർത്തിക്കുവാൻ ഇവിടുത്തെ പഠിതാക്കൾക്ക് അവസരം നൽകുന്നു. B.Th, M.Div (External, Internal) ക്ലാസ്സുകൾക്കും മറ്റ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി സായാഹ്ന ക്ലാസ്സുകളും നടത്തപ്പെടുന്നു. പുതിയ അധ്യയന വർഷത്തിലേക്കുള്ള ക്ലാസ്സുകളിൽ പ്രവേശനം തുടങ്ങി കഴിഞ്ഞു. ജൂൺ 24ന് ക്ലാസ്സുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9811373357, 9891223442, 9540100841, 9540887873 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## ഐ.സി.എം. ഇരുപത്തിനാലാം വയസ്സിലേക്ക്

ഉത്തരേന്ത്യൻ സുവിശേഷീകരണ ദൗത്യവുമായി 1990ൽ പ്രവർത്തനമാരംഭിച്ച ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ഇരുപത്തിനാലാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ദൈവിക നിയോഗപ്രകാരം പാസ്റ്റർ എം. സാമുവൽകുട്ടി ഡൽഹി ആസ്ഥാനമാക്കി ആരംഭിച്ച പ്രവർത്തനമാണ് ബീഹാറിലും ഡൽഹിയിലും കേരളത്തിലുമായി വ്യാപിച്ചുകിടക്കുന്ന ഐ.സി.എം.



ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയോടൊപ്പം

സുവിശേഷീകരണം സാമൂഹിക പ്രവർത്തനത്തിലൂടെ എന്ന ലക്ഷ്യം ലാക്കാക്കി ബീഹാറിലെ റോഹ്താസ് ജില്ലയിലെ കോച്ചസ് പട്ടണം കേന്ദ്രമാക്കി 1992ൽ വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ബീഹാറിലെ ഗ്രാമങ്ങൾ തോറും സുവിശേഷ പ്രയത്നങ്ങളുമായി സഞ്ചരിക്കുമ്പോൾ ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ മനസിൽ ആ ഗ്രാമങ്ങളിൽ അറിവിന്റെ ഒരു തിരിനാളമെങ്കിലും പ്രകാശിപ്പിക്കണമെന്ന് അതിയായ ആഗ്രഹം ഉണ്ടായി. അവിടങ്ങളിൽ അജ്ഞതയുടെ അന്ധകാരം അത്രയ്ക്ക് ഭയങ്കരമായിരുന്നു. സാധ്യതയുടെ ഒരു വാതായനം തുറന്നുകിട്ടുവാൻ ഉള്ള പ്രാർത്ഥനയ്ക്ക് ഉത്തരമായി 1997ൽ റോഹ്താസ് ജില്ലയിലെ ഒരു ഗ്രാമമായ ഹെൽഹാനിൽ ആദ്യ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

അതേ ജില്ലയിലെ ഖുഡുഹൂരിയായിൽ 2000ൽ രണ്ടാമത്തെ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളും തുടങ്ങി. 2002 ആയപ്പോൾ ബീഹാറിലെ ഐ.സി.എം. പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായ കോച്ചസ് പട്ടണത്തിലും ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂൾ തുടങ്ങാനായത് വലിയ നേട്ടമായി. ഐ.സി.എം. സ്കൂളുകൾ എല്ലാംതന്നെ നല്ല നിലവാരം പുലർത്തുന്നവയാണെങ്കിലും കോച്ചസിലെ വിദ്യാലയം ജ്വലിച്ചു പ്രകാശിക്കുന്ന അറിവിന്റെ വിളക്കായി മാറിയത് ചാരിതാർത്ഥ്യം പകരുന്നു.

നഴ്സറിതൊട്ട് എട്ടാം ക്ലാസ് വരെയുള്ള ഈ സ്ഥാപനം ലോവർ പ്രൈമറി വിഭാഗത്തിൽ കോച്ചസിലെ ഏറ്റവും വലിയ സ്കൂൾ ആണ്. 400 പരം കുട്ടികളാണ് അക്ഷരങ്ങളും അക്കങ്ങളും തീർക്കുന്ന അറിവിന്റെ വഴിയേ ശോഭനമായ ഭാവി ലക്ഷ്യമാക്കി മുന്നേറുന്നത്. ഇവിടെ നിന്നും അഞ്ചാം ക്ലാസ് പൂർത്തിയാക്കിയ പല കുട്ടികൾക്കും സർക്കാർ സ്കൂളുകളിൽ എട്ടിലും ഒമ്പതിലും ഒക്കെ നേരിട്ട് പ്രവേശനം ലഭിക്കുന്നത് സ്കൂളിന്റെ മികച്ച നിലവാരത്തിന്റെ സാക്ഷിപത്രമാണ്.

2002ലാണ് കമ്പാഷൻ ഈസ്റ്റ് ഇന്ത്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന കോച്ചസ് ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചത്. 179 കുട്ടികൾ ഈ സംരംഭത്തിന്റെ ഗുണഭോക്താക്കളാണ്. തീരെ ദരിദ്രരായ ഈ കുട്ടികളുടെ ശാരീരിക, മാനസിക, ബൗദ്ധിക, സമൂഹിക, ആത്മിക വളർച്ചയാണ് കെ.സി.ഡി.സി. യുടെ ലക്ഷ്യം. ദരിദ്രവിഭാഗത്തിലെ വിദ്യാർത്ഥി

(ശേഷം രണ്ടാം പേജിൽ)

*ഉൾപേജുകളിൽ...*


**വറ്റിപോകാത്ത നീരുറവ**: പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി)

**ക്രിസ്തുവിനെ അറിയുന്ന വിശ്വാസി**: പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ)

**അപൂർവ്വ അത്ഭുതത്തിന്റെ ആദ്യ സാക്ഷി**: മേരി സുധാകരൻ (ഡൽഹി)

**സുവിശേഷത്തിന്റെ സാദ്ധ്യതകൾ**: പാസ്റ്റർ ബിജു ബഞ്ചമിൻ (കേരളം)

# വറ്റിപോകാത്ത നീരുറവ



നമ്മുടെ കേരളം പണ്ട് ജലസ്രോതസ്സുകൾ നിറഞ്ഞ ഒരു ഹരിത ഭൂമിയായിരുന്നു. നിറഞ്ഞൊഴുകുന്ന നദികളും അരുവികളും കേരളത്തിന്റെ പ്രകൃതിഭംഗിക്ക് പകിട്ടേകിയിരുന്നു. എന്നാൽ, ഇന്ന് ആ ഹരിതാഭയ്ക്ക് മങ്ങലേറ്റുകൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ പേരിൽ കേരളത്തിന്റെ തനതു മനോഹാരിതയ്ക്ക് നിറം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അംബരചുംബികളായ കെട്ടിടങ്ങൾ, സ്റ്റേഡിയങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയ്ക്കെല്ലാം വേണ്ടി ഭൂമി അശാസ്ത്രീയമായി ഉപയോഗിക്കുന്നതാണ് ഇന്നത്തെ വികസന മാതൃക. ഇത് ശരിക്കുമുള്ള വികസനമാണോ? ആവാസവ്യവസ്ഥയുടെ അധഃപതനത്തിന്റെ ആമുഖമാണോ നാം കണ്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ചിന്തിക്കേണ്ടതുണ്ട്.

ഫെബ്രുവരി 18-ാം തീയതിയിലെ *മലയാള മനോരമ* പത്രത്തിന്റെ ഒന്നാംപേജിൽ കാണപ്പെട്ട കഞ്ചിക്കോട്ടെ 24 ഏക്കറിലുള്ള വലിയകുളം വറ്റിവരണ്ടുകിടക്കുന്ന ചിത്രത്തിന്റെ അടിക്കുറുപ്പ് വളരെ ആകുലപ്പെടുത്തുന്ന ഒന്നാണ്: 'വേനലിന്റെ വറചട്ടിയിൽ വെന്തുപൊട്ടുകയാണ് ഭൂമി. ജനങ്ങളുടെ മനസ്സ് കുളിർപ്പിച്ചുകൊണ്ടിരുന്ന തണ്ണീർത്തടങ്ങൾ കടുത്ത ചൂടുമൂലം വറ്റിവരണ്ടുകൊണ്ടിരിക്കുന്നു. ഇടക്കാലത്ത് ആശ്വാസമഴ പോലും ലഭിക്കാതെയിരുന്നപ്പോൾ കൃഷിയിടങ്ങൾ കരിഞ്ഞുണങ്ങി'. നമ്മുടെ പ്രകൃതി മാറിക്കൊണ്ടിരിക്കുകയാണ്. ശുദ്ധജലവും പച്ചപ്പിന്റെ മനോഹാരിതയുമുള്ള ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളം വിണ്ടുകീറുന്ന മണ്ണിന്റെയും ചൂടുകാറ്റിന്റെയും കർഷക ദുരിതത്തിന്റെയും നാടായി മാറുന്നു. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ കൃഷിക്കാർ കൃഷി ഉപേക്ഷിക്കുന്നു. ഉഷ്ണക്കാറ്റിൽ കരിഞ്ഞുണങ്ങുന്ന കശുമാവും മാമരങ്ങളുടെ പൂവും തീക്കാറ്റിൽ കത്തിപ്പോകുന്നതും കണ്ട് തകർന്ന ഹൃദയമാണ് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ അവരെ പ്രേരിപ്പിക്കുന്നത്.

നനവ് വറ്റി കേരളം മരുഭൂമിയായിക്കൊണ്ടിരിക്കുന്നു. വരാൻ പോകുന്നത് അസാധാരണ വരൾച്ചയാണെന്ന മുന്നറിയിപ്പ് നൽകി കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട കായൽ ചരിത്രത്തിലാദ്യമായി വറ്റിക്കൊണ്ടിരിക്കുന്നു. വറ്റിയ ഭാഗങ്ങൾ ചെളി മൂടിക്കഴിഞ്ഞു. വെള്ളം കുറയുന്ന മറ്റു പുഴകളിൽ മത്സ്യങ്ങൾ ചത്തുപൊങ്ങുന്നു. പുഴകളിലെ ഒഴുക്കു നിന്നു. സംസ്ഥാനത്തെ ഭൂഗർഭ ജലവിതാനവും അസാധാരണമാംവിധം താഴ്ന്നു. അടിമണ്ണിലൂടെ വരേണ്ട ഉറവ നിലച്ചിരിക്കുന്നു. ജലം വളരെയധികം കുറയുന്നതിന്റെ സൂചനയാണിത്. കാരണം മഴയുടെ ലഭ്യത പകുതിയായി കുറഞ്ഞു. വരണ്ടുകീറിയ പാടത്തിൽ നെല്ല് കരിഞ്ഞുണങ്ങി നിൽക്കുന്നത് കാണാൻ കെല്പില്ലാതെ പാലക്കാട്ടെ പല കർഷകരും നെൽകൃഷി കത്തിച്ചുകളഞ്ഞു. കോടിക്കണക്കിന് രൂപയുടെ കാർഷിക നഷ്ടം കേരളത്തിനുണ്ടായി.

മുമ്പൊരിക്കലും കേട്ടിട്ടില്ലാത്തതുപോലെ വരൾച്ചയുടെ ഭീഷണി നേരിടുകയാണ് നമ്മുടെ സംസ്ഥാനം. വൈദ്യുതിപോലും പര്യാപ്തമായ തോതിൽ ലഭ്യമാക്കുവാൻ സർക്കാരിന് കഴിയാത്ത ഒരു ദുരവസ്ഥയാണ് സംജാതമായിരിക്കുന്നത്. കുളങ്ങളും, വെള്ളക്കെട്ടുകളും, പാടങ്ങളും, കണ്ടൽക്കാടുകളും ഒക്കെ നിരത്തി റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് വഴിയൊരുക്കുന്ന സമ്പ്രദായങ്ങൾ അവലംബിക്കുമ്പോൾ പച്ചപ്പിന്റെ മരണമണിയൊച്ച കേൾക്കുന്നില്ലെന്ന് നടിക്കുകയാണ് ഭരണകർത്താക്കൾ.

നമ്മുടെ ഹരിതഭൂമി മരുഭൂമിയാകുന്നതിന് തടയിടാൻ നമുക്ക് പലതും ചെയ്യുവാൻ സാധിക്കും. നദികളെ സംരക്ഷിക്കാം, വൃക്ഷങ്ങളെ പരിപാലിക്കാം, പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കാം, മലിനീകരണം കുറയ്ക്കാം, മഴവെള്ളം ഒഴുകിപ്പോകാതെ പിടിച്ചു നിർത്താം. ഓരോ പൗരനും ഇതിനെക്കുറിച്ച് ബോധവാന്മാരായാൽ ഒരു പരിധിവരെ ഈ വിപത്തിനെ തടയുവാൻ സാധിക്കും. വികസനത്തിന്റെ പേരിൽ കൊണ്ടുവരുന്ന പരിഷ്ക്കാരങ്ങൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും ജൈവവ്യവസ്ഥയെയും തകിടം മറിക്കുന്നതാണ്.

ദൈവസഭയിൽ ഉയർന്നുവരുന്ന പല ആത്മിക പരിഷ്ക്കാരങ്ങളും യഥാർത്ഥ ആത്മികതയ്ക്ക് വളരെ വെല്ലുവിളിയാണ്. അത് വിശ്വാസികളെ ആത്മിക വരൾച്ചയിലേക്ക് നയിക്കും. മരുഭൂമിയിലെ വേഴാമ്പൽ വെള്ളത്തിനായി കാത്തിരിക്കുകയാണ്. അതിന് മുകളിൽ നിന്നുള്ള വെള്ളം മാത്രമേ ലഭിക്കുകയുള്ളൂ. അതുപോലെ നമ്മുടെ ആത്മിക ദാഹം തീർക്കാൻ ഉയരത്തിൽ നിന്ന് ആത്മിക മഴയ്ക്കായി നാം കാത്തിരിക്കേണം.

മനുഷ്യന്റെ അന്തരംഗം എപ്പോഴും എന്തിനുവേണ്ടിയോ ദാഹിച്ചുകൊണ്ടിരിക്കുന്നു. ആഗ്രഹങ്ങളും, അത്യാഗ്രഹങ്ങളും നിരാശയും എല്ലാംകൂടി കെട്ടിപ്പിണഞ്ഞുകിടക്കുന്നതാണ് മനുഷ്യജീവിതം. ഭൗതികമായ കാര്യങ്ങളെ മോഹിച്ചുവരുന്ന മനുഷ്യൻ അത് ലഭ്യമാകാതെ വരുമ്പോൾ നിരാശനാകും, അവയുടെ ലഭ്യത നൽകുന്ന സംതൃപ്തിയും ഒരു പൂർണ്ണതയിലേക്കും മനുഷ്യനെ എത്തിക്കുന്നില്ല. അസ്വസ്ഥമായ അവന്റെ മനസ്സ് മറ്റെന്തിനോ വേണ്ടി വാഞ്ചിച്ചുകൊണ്ടിരിക്കും.

മരുഭൂമി സമമായ അനുഭവങ്ങളിൽ ആത്മികമായ ഒരു ദാഹം മനുഷ്യഹൃദയത്തിലുണ്ട്. അതുകൊണ്ടാണ് ദാവീദ് "ദൈവമേ, നീ എന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണങ്ങിവരണ്ട ദേശത്ത് എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു" (സങ്കീർത്തനം 63:1) എന്നു പ്രാർത്ഥിക്കുന്നത്.

മനുഷ്യൻ സ്വസ്ഥമായിരുന്നാലും അവന്റെ മനസ്സ് എപ്പോഴും അഴലുകയാണ്. ദൈവസാന്നിധ്യത്തിനായി വാഞ്ചിക്കുന്ന അവന്റെ ആത്മാവ് കേഴുകയാണ്. ദാവീദിന്റെ ഓട്ടം ശൗലിൽ നിന്നും രക്ഷപ്പെടുവാനുള്ള ഓട്ടമായിരുന്നു. നമ്മുടെ ഈ ലോകജീവിതം തന്നെ ഒരു ഓട്ടമാണ്. നമ്മെ ആത്മിക വരൾച്ചയിലേക്ക് നയിക്കുന്ന പിശാചിന്റെ പ്രവൃത്തികളിൽ നിന്നും വഴുതിമാറി ശരിയായ ദിശയിൽ നാം ഓടണം. ഉയരത്തിലെ മഴയ്ക്കായി കാത്തിരുന്ന് അത് പ്രാപിക്കുന്നവന്റെ ആത്മിക ജീവിതം ഒരിക്കലും വരണ്ടതായി തീരുകയില്ല. "യഹോവ നിന്നെ എല്ലായ്പ്പോഴും നടത്തുകയും വരണ്ട നിലത്തിലും നിന്റെ വിശപ്പടക്കി, നിന്റെ അസ്ഥികളെ ബലപ്പെടുത്തുകയും ചെയ്യും; നീ നനവുള്ള തോട്ടംപോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവുപോലെയും ആകും" (യെശയ്യാവ് 58:11).

സ്വർഗ്ഗത്തിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്ന പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയുണ്ട്. ദാഹിക്കുന്നവന് ആ ജീവനീരുറവിൽ നിന്ന് സൗജന്യമായി കുടിക്കാം. "ദാഹിക്കുന്നവൻ വരട്ടെ, ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളിപ്പാട് 22:17).

# നിര്യാതരായി



**കൊട്ടാരക്കര:** ഫെയ്ത്ത് ഫെലോഷിപ്പ് കാൽക്കാജി സഭാ സെക്രട്ടറിയും എഫ്.സി.വൈ.എം. ജനറൽ സെക്രട്ടറിയുമായ ബ്രദർ ശീലാസ് ശാമുവേലിന്റെ മാതാവും, കൊട്ടാരക്കര മൈലം താന്നിക്കുഴി വീട്ടിൽ പരേതനായ ശ്രീ ശാമുവേലിന്റെ ഭാര്യയുമായ മേരി ശാമുവേൽ (75) 2013 ഫെബ്രുവരി 10ന് കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരശുശ്രൂഷ ഐ.പി.സി. ഇരിങ്ങൂർ സഭയുടെ നേതൃത്വത്തിൽ നടന്നു. മക്കൾ: ഫിലിപ്പ്, ലീലാമ്മ, ശീലാസ്, ജോസ്, ജെയിംസ്. മരുമക്കൾ: ഷീല, സോഫി, കാർത്തിക, മായ.

## ഐ.സി.എം. ഇരുപത്തിനാലാം വയസ്സിലേക്ക്

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

വിദ്യാർത്ഥിനികൾക്ക് സൗജന്യ പഠനോപകരണ വിതരണം, സൗജന്യ വിദ്യാഭ്യാസ പദ്ധതികൾ എന്നിവ ഐ.സി.എം. സമയോചിതമായി നടത്തുന്നു. പ്രൈമറി ക്ലാസ്സുകൾ മുതൽ പ്രഫഷണൽ കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.സി.ഡി.സി.യുടെ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ സ്കൂളുകളെല്ലാം തന്നെ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായ സ്ഥലവും കെട്ടിടങ്ങളും സ്കൂളുകളുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ഉണ്ടെങ്കിൽ ഇത് സാധ്യമാകും.

2010 ഏപ്രിലിലാണ് കോച്ചസിന്റെ സമീപഗ്രാമങ്ങളായ സെന്റുവാർ, നർവാർ, ഖുഡുഹുരിയ എന്നീ ഗ്രാമങ്ങളിൽ ഐ.സി.എം. അക്കാദമി ആരംഭിച്ചത്. 200ഓളം കുട്ടികൾക്ക് അക്കാദമിയുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുന്നു.

മിഷന്റെ സ്ഥാപിത ലക്ഷ്യങ്ങളിലൊന്നായിരുന്നു *ഭവനമില്ലാത്തവർക്ക് ഭവനം* എന്ന പദ്ധതി. തലചായ്ക്കാൻ ശരിക്കൊരു ഇടമില്ലാത്തവരുടെ നിസഹായാവസ്ഥ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ മനസിനെ ബാല്യം മുതലേ അലോസരപ്പെടുത്തിയിരുന്നു. 2006 ജനുവരി 15ന് തെങ്ങമം ഫെയ്ത്ത് ഫെലോഷിപ്പ് സഭാംഗമായ ബ്രദർ എ. ലാസറിനും കുടുംബത്തിനും, 2010 ഏപ്രിൽ 10ന് ഐവർകാലാ ഫെയ്ത്ത് ഫെലോഷിപ്പ് സഭാംഗമായ ബ്രദർ ജോസ് ജോർജ്ജിനും കുടുംബത്തിനും ഭവനങ്ങൾ നിർമ്മിച്ചുകൊടുത്തുകൊണ്ട് ആ ആഗ്രഹം സാക്ഷാത്ക്കരിച്ചു.

വർഷങ്ങൾക്ക് മുമ്പ് ദൈവം നൽകിയ ദർശനത്തിന്റെ സാക്ഷാത്ക്കാരമൊന്നോണം 2006 ജൂൺ 10ന് ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് എന്ന സ്ഥാപനം ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ അനുഗ്രഹീതമായ മറ്റൊരു സംരംഭമായിരുന്നു. ഇതിനോടകം 63 യുവതി യുവാക്കൾ പഠനം പൂർത്തീയാക്കി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു.

ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ നടത്തിവരാറുള്ള വിദ്യാഭ്യാസ ധനസഹായം ഇത്തവണയും പത്താം ക്ലാസ്സ്, പ്ലസ്സ് ടു, പരീക്ഷകൾ പാസ്സായവരും പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവരുമായ 18 വിദ്യാർത്ഥികൾക്ക് 55,000/- നൽകുകയുണ്ടായി.

സുവിശേഷത്തിൽ കൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ആത്മിക മുന്നേറ്റങ്ങളും കൂട്ടായ്മകളും അവയ്ക്ക് പുറമേയുള്ള സാമൂഹ്യക്ഷേമ പദ്ധതികളും നിർബ്ബാധം തുടരുന്നതിൽ നിങ്ങൾ ഏവരുടെയും പ്രാർത്ഥനകളും സഹകരണങ്ങളും ഐ.സി.എമ്മിന് അനുഗ്രഹമായിട്ടുണ്ട്. *വിശ്വാസി* മിത്രങ്ങളുടെ പ്രോത്സാഹനങ്ങൾ തുടർന്നും ലഭിക്കുമെന്ന് വിശ്വസിക്കുന്നു. ■


## MATRIMONIAL

ഡൽഹിയിൽ (ഫെയർ ആൻഡ് സേഫ്റ്റി) ജോലി ചെയ്യുന്ന പെന്തക്കോസ്ത് ചേരമർ യുവാവിന് (30 വയസ്, 170 സെ.മീ. ഉയരം) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 09656550757.



വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*



**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# ക്രിസ്തുവിനെ അറിയുന്ന വിശ്വാസി



**പാസ്റ്റർ ബിജു തങ്കച്ചൻ**
**മുംബൈ**

ക്രിസ്തുവിനെ അറിയുന്നതിലൂടെയാണ് വിശ്വാസിയുടെ ജീവിതം ധന്യമാകുന്നത്. വിജയകരമായ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം ക്രിസ്തുവിനെക്കുറിച്ചുള്ള അറിവാണ്. യേശുക്രിസ്തുവിനെക്കുറിച്ചുള്ള വ്യക്തമായ അറിവില്ലാതെ ഒരാൾക്ക് എങ്ങനെ അവനെ സകല പരിസ്ഥിതിയിലും അനുഗമിക്കുവാൻ കഴിയും. അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു. 'ഞാൻ ആരെ വിശ്വസിക്കുന്നു എന്ന് അറിയുന്നു' (2 തിമൊഥെയൊസ് 1:12). ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിക്കുന്നത് ഇഷ്ടപ്പെടുവാൻ പൗലൊസിന് കഴിഞ്ഞതും ഈ അറിവ് ഉണ്ടായിരുന്നതിനാലാണ്. അതുനിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു. എങ്കിലും ലജ്ജിക്കുന്നില്ല; കാരണം ഞാൻ വിശ്വസിക്കുന്ന ക്രിസ്തുവിനെ എനിക്കറിയാം (2 കൊരിന്ത്യർ 12:10) എന്നത്രെ പൗലൊസ് പറഞ്ഞത്.

ബഹുവിധമായ കഷ്ടങ്ങൾ അടിക്കടി വിശ്വാസജീവിത യാത്രയിൽ ഉണ്ടായപ്പോഴും അകത്തുനിന്നും പുറത്തുനിന്നും പ്രതികൂലശരങ്ങൾ ഏൽക്കേണ്ടി വന്നപ്പോഴും തെല്ലും പതറാതെ മുന്നേറുവാൻ തന്നെ സഹായിച്ചതും ഈ അറിവായിരുന്നു.

ലോകപരമായ ധാരാളം അറിവ് സമ്പാദിച്ച പൗലൊസിന് അതൊക്കെ പ്രയോജനപ്പെട്ടിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല. ഗമാലിയേലിന്റെ പാദപീഠത്തിലിരുന്ന് പഠിച്ച പാഠങ്ങൾ ശുശ്രൂഷയിൽ പ്രയോജനപ്പെട്ടിട്ടുണ്ട്. എന്നാൽ, തന്റെ നിലനിൽപ്പിന് ആധാരമായി തീർന്നത് ക്രിസ്തുവിനെക്കുറിച്ചുള്ള അറിവായിരുന്നു.

ആത്മ ധ്യാനത്തിലൂടെയും ആഴമേറിയ വെളിപ്പാടുകളിലൂടെയും ക്രിസ്തുവിന്റെ ശ്രേഷ്ഠത തനിക്ക് വെളിപ്പെട്ടുകിട്ടി. ആ സ്വർഗ്ഗീയ ദർശനവും വെളിപ്പാടുകളുടെ ആധിക്യവും മുമ്പോട്ടുള്ള യാത്രയിൽ തനിക്ക് ബലം നൽകി. ക്രിസ്തുവിന്റെ ശ്രേഷ്ഠത അറിയുന്തോറും ഈ ലോകവും അതിന്റെ മായാസുഖങ്ങളും തനിക്ക് ചെറുതായി തോന്നി. ത്യാഗപൂർണ്ണമായ ഒരു ജീവിതം തനിക്ക് നയിക്കുവാൻ സാധിച്ചതിന്റെ രഹസ്യം ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത ആയിരുന്നു. ആ പരിജ്ഞാനം ലാഭമായിരുന്നതൊക്കെയും ചേതം എന്നെണ്ണുവാൻ പൗലൊസിനെ പ്രാപ്തനാക്കി (ഫിലിപ്പിയർ 3:7,8).

> ക്രിസ്തുവിനെകുറിച്ച് കൂടുതലായി അറിയുന്തോറും ക്രിസ്തീയ ജീവിതത്തിന്റെ മാധുര്യം വർദ്ധിക്കും. ക്രിസ്തുവിൽ അധിഷ്ഠിതമായ, ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം നയിക്കാൻ ഇത് സഹായിക്കും. അവൻ ആദ്യനും അന്ത്യനുമാണ്, തുടക്കവും ഒടുക്കവുമാണ്. സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നു

ക്രിസ്തുവിനെകുറിച്ച് കൂടുതലായി അറിയുന്തോറും ക്രിസ്തീയജീവിതത്തിന്റെ മാധുര്യം വർദ്ധിക്കും. ക്രിസ്തുവിൽ അധിഷ്ഠിതമായ, ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം നയിക്കാൻ ഇത് സഹായിക്കും. അവൻ ആദ്യനും അന്ത്യനുമാണ്, തുടക്കവും ഒടുക്കവുമാണ്. സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നു.

ഉത്തമഗീതത്തിൽ തന്റെ പ്രിയനെ അന്വേഷിച്ച് പുറപ്പെടുന്ന പെൺകുട്ടിയോട് ആളുകൾ ചോദിച്ചു: നിന്റെ പ്രിയന് മറ്റ് പ്രിയന്മാരെക്കാൾ എന്ത് വിശേഷതയുള്ളു? ഒരു ആശങ്കയ്ക്കും വകയില്ലാതെ അവൾ പ്രസ്താവിച്ചു. എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ, പതിനായിരം പേരിൽ അതിശ്രേഷ്ഠൻ തന്നെ (ഉത്തമഗീതം 5:9,10).

പതിനായിരങ്ങളിൽ ശ്രേഷ്ഠനായ പ്രിയനെക്കുറിച്ചുള്ള അറിവാണ് പ്രലോഭനങ്ങളിൽ കുടുങ്ങാതെ തന്റെ പ്രിയനുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുവാൻ അവളെ സഹായിച്ചത്. ക്രിസ്തീയ ജീവിതത്തിന്റെ പരുപരുത്ത മേഖലകളിൽ പതറിപ്പോയ എബ്രായ ക്രിസ്ത്യാനികളോടും ലേഖനദ്വാരാ പൗലൊസ് പ്രബോധിപ്പിച്ചത് ഇവൻ (ക്രിസ്തു) എത്ര മഹാൻ എന്നു നോക്കുവിൻ എന്നത്രെ. മറ്റ് പലതിനേയും വലുതായി കണ്ട് വിശ്വാസത്തിൽ മന്ദതയുള്ളവരായി ഒഴുകിപോകുവാൻ പരുവത്തിൽ അസ്ഥിരരായി നിൽക്കുന്നവർക്ക് ക്രിസ്തുവിന്റെ മഹത്വത്തെക്കുറിച്ചുള്ള അറിവായിരുന്നു അനിവാര്യം.

പതിനായിരങ്ങളിൽ പരമസുന്ദരനായ ക്രിസ്തുവിന്റെ മഹത്വം അറിഞ്ഞ് മുന്നേറുവാൻ സകല വിശ്വാസികൾക്കും കഴിയട്ടെ എന്നാശംസിക്കുന്നു.

# അപൂർവ്വ അത്ഭുതത്തിന്റെ ആദ്യ സാക്ഷി

(നാലാം പേജിൽ നിന്ന് തുടർച്ച)

ന്നാൻ അരികെ നിന്നു വിതുമ്പുന്നത് ഞാൻ കണ്ടു. നായകനായ പത്രൊസ് ആൾക്കൂട്ടത്തിന്റെ മൂലയിൽ എവിടെയോ ഉണ്ടെന്ന് ശത്രുക്കൾ പരിഹസിക്കുന്നുണ്ടായിരുന്നു. കുറെ കഴിഞ്ഞപ്പോൾ വലിയൊരു പുരുഷാരത്തിന്റെ ആരവം ഞാൻ കേട്ടു. അതുവരെ കേട്ടിട്ടില്ലാത്ത അട്ടഹാസവും വിജയാഹ്ലാദവും. തങ്ങളുടെ ജന്മാന്തര ശത്രുവിനെ കീഴടക്കിയ ആത്മസംതൃപ്തിയോടെ ചില പുരോഹിതപ്പരിഷകൾ ആഹ്ലാദിക്കുന്നു; കുശലം പറയുന്നു. നീട്ടിയ താടി തടവിക്കൊണ്ട് മഹാപുരോഹിതന്മാർ തങ്ങളുടെ ദൗത്യനിർവ്വഹണത്തിന്റെ ഗീർവാണം മുഴക്കുന്നു. അല്പം കഴിഞ്ഞപ്പോൾ ശ്രീയേശുവിന്റെ തിരുശരീരം അവിടേയ്ക്ക് കൊണ്ടുവന്നു. നല്ല തെളിമയുള്ള വെള്ള വസ്ത്രത്താൽ മൂടിയിരുന്ന ശരീരത്തിൽ ധാരാളം സുഗന്ധദ്രവ്യങ്ങൾ പൂശിയതിന്റെ വാസന ചുറ്റും പരന്നു. സാധാരണ ഒരു യെഹൂദന് ലഭിക്കുന്ന പരിഗണനയോ, ആദരവോ പുരോഹിതന്മാർ ആ ശവശരീരത്തിന് നൽകിയില്ല. ജോസഫ് സാറിനോടുള്ള ബഹുമാനം നിമിത്തം അവർ അവഗണിച്ചില്ലെന്നു മാത്രം പറയാം. കർമ്മാദികൾക്ക് ശേഷം അവർ ആ ശരീരം കല്ലറയ്ക്കകത്തു വച്ച് അടയ്ക്കുവാൻ തീരുമാനിച്ചു. അപ്പോഴാണ് എന്റെ സ്ഥാനം ഞാൻ മനസ്സിലാക്കിയത്. സർവ്വത്തെയും ചമച്ച ദൈവപുത്രന്റെ ശരീരത്തെ മറവു ചെയ്യാനായി അവർ എന്നെ പൊക്കിയെടുത്തു. ഞാൻ അല്പം ഘനശാലിയായിരുന്നെങ്കിലും ഞാൻ സ്വയം പൊങ്ങിക്കൊടുത്തു. അവർ എന്നെ ഉരുട്ടി ആ കല്ലറയുടെ വാതിലടച്ചു. തുടർന്ന് ലോക ചരിത്രത്തിലെങ്ങും കേട്ടുകേഴ്വി പോലുമില്ലാത്ത ഒരു കാര്യം അവിടെ നടന്നു; അതും എന്റെ പുറത്ത്. ശക്തരായ റോമാ സാമ്രാജ്യത്തിന്റെ അധികാര മുദ്ര അവർ എന്റെമേൽ ചാർത്തി. എനിക്കൊന്നും മനസ്സിലായില്ല. ഇവർ എന്റെ പുറത്ത് ഒരു വലിയ മുദ്രയും അതിന്റെ പശയും ഒട്ടിച്ചു. ആർക്കും ചോദ്യം ചെയ്യപ്പെടാനാവാത്ത റോമാ സാമ്രാജ്യത്തിന്റെ അധികാര മുദ്ര. യേശു കർത്താവ് പറഞ്ഞിരുന്നതുപോലെ താൻ വീണ്ടും ജീവിയ്ക്കുമെന്നും ഉയിർത്തെഴുന്നേൽക്കുമെന്നും അവർ ഭയപ്പെട്ടതിനാൽ റോമാ പടയാളികൾ എന്റെ പുറത്ത് മുദ്ര ചാർത്തി; യേശു ഒരിക്കലും പുറത്തുവരരുത് എന്ന് അവർ ആശിച്ചു. യേശുവിന്റെ പരാജയം കല്ലറയ്ക്കകത്ത് ഒതുങ്ങുവാൻ അവർ ആഗ്രഹിച്ചു. അവരുടെ വിജയമായി അവർ കൊണ്ടാടി. എന്നാൽ, മൂന്നാം ദിവസം അതിരാവിലെ ആ അത്ഭുതം സംഭവിച്ചു. ഞാനറിയാതെ എനിക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത ഒരു ശക്തി എന്റെമേൽ സമ്മർദ്ദം ചെലുത്തുന്നതായി എനിക്ക് മനസ്സിലായി. റോമാ മുദ്രയുടെ പശയും കീലും എന്നെ പിടിച്ചുനിർത്തുവാൻ ആവുംവിധം പരിശ്രമിച്ചു. അധികാരത്തിന്റെ ശക്തികൾ പുറമെ നിന്ന് എന്നിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടായിരുന്നു. യേശുവിനെ പുറത്തുകൊണ്ടുവരാതിരിക്കാൻ യോജിച്ച ശക്തികൾ എട്ടുകാലി വലപോലെ ചീന്തിപ്പോയി. ചുരുക്കത്തിൽ ആ അത്യന്തശക്തിയുടെ വലുപ്പത്തിൽ ഞാൻ ആ കാഴ്ച കണ്ടു. തേജോമയനായ ദൈവപുത്രൻ പുറത്തേയ്ക്ക് വരുന്നു. അതിശക്തിയോടും ആർക്കും വർണ്ണിക്കാനാവാത്ത ശോഭയോടും കൂടെ ഞാൻ അവനെ കണ്ടു. ജയശ്രീലാളിതനായ ഒരു രാജാവിനെപ്പോലെ, സമസ്തവും പിടിച്ചടക്കിയ ഒരു പരാക്രമിയെപ്പോലെ, ആർക്കും പിടിച്ചടക്കാനാവാത്ത അജയ്യനെപ്പോലെ, ശ്രീയേശു ഉയിർത്തെഴുന്നേറ്റു. ലോകത്തിൽ ഒരു ശിലാഗ്രത്തിനും ലഭിക്കാത്ത അസുലഭമായ ഒരു അവസരമായിരുന്നു അത്. ആ അത്ഭുത കാഴ്ചയുടെ ഊഷ്മളതയിലാണ് ഞാനിന്നും കഴിയുന്നത്. എങ്കിലും പുന:രുത്ഥാനത്തിന്റെ സാക്ഷ്യം പറയാൻ അറിയാത്ത അനേകം ദൈവമക്കളെപ്പോലെയാണ്, യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ആദ്യ സാക്ഷിയായ കല്ലറയുടെ വാതിൽക്കൽ ഉരുട്ടിവച്ച കല്ലായ ഞാനും..... ആമേൻ!

ഇപ്പോൾ വിൽപ്പനയിൽ! പരിഷ്ക്കരിച്ച മൂന്നാം പതിപ്പ്!

**വിശ്വാസ ഗീതങ്ങൾ**

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1200ൽപരം ഗാനങ്ങൾ

**Viswasi Publications**, 87, Tenement-II,
RBTB Hospital Delhi-09
E-mail:iccm4india@yahoo.com

**ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ**

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക.
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക.
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക.
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com, Website: www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

ഭാവന

## അപൂർവ്വ അത്ഭുതത്തിന്റെ ആദ്യ സാക്ഷി



**മേരി സുധാകരൻ**
ന്യൂഡൽഹി

ശിലായുഗം മുതൽ ഇന്നത്തെ ശാസ്ത്രയുഗം വരെ ലോകം ദർശിച്ചിട്ടില്ലാത്തതും, ഇനി ഒരിക്കലും പുന:രാവിഷ്ക്കാരമില്ലാത്തതുമായ ഒരു അത്ഭുത സംഭവത്തിന്റെ ഏക സാക്ഷിയാണ് ഞാൻ. ഒരു പക്ഷേ, ഇത് പ്രവചനിക വാഗ്ദത്തത്തിന്റെ നിവൃത്തി കൂടിയാകും. എന്നാലും, അതിന് നേരിട്ട് സാക്ഷിയാകുവാനുള്ള ഭാഗ്യം ഈ ഏഴെയ്ക്കാണ് ലഭിച്ചതെന്ന് ഓർക്കുമ്പോൾ എങ്ങനെ സൃഷ്ടാവിനെ സ്തുതിക്കണമെന്ന് എനിക്കു തിട്ടമില്ല.

ആദ്യമായി എന്നെത്തന്നെ ഒന്നു പരിചയപ്പെടുത്താം. എന്റെ ഉത്ഭവം വളരെ താഴ്ചയിൽ നിന്നുമാണ്. അനേക കാലങ്ങളായി മറഞ്ഞിരുന്നു. എന്നാൽ, എന്നെ പുറത്തുകൊണ്ടുവരുവാൻ മാന്യനായ ജോസഫ് സാർ തീരുമാനിച്ചപ്പോൾ എല്ലാവരും അദ്ദേഹത്തോട് ചോദിച്ചതാണ്, "ആർക്കും ഉപയോഗമില്ലാത്തത് ഇപ്പോൾ തയ്യാറാക്കിയെടുക്കുന്നത് എന്തിനാണെന്ന്". പക്ഷേ, നീതിമാനായ അദ്ദേഹം കാരണം ഒന്നും വ്യക്തമാക്കിയിരുന്നില്ല. അങ്ങനെ, വളരെ പണിപ്പെട്ടാണ് എന്നെ രൂപപ്പെടുത്തിയത്. എടുത്തുപറയപ്പെടേണ്ട മറ്റ് മഹിമകളൊന്നും എനിക്കില്ലായിരുന്നു.

ഇനി ആ അത്ഭുത കഥ ഞാൻ പറയട്ടെ, ഏതു മനുഷ്യനും വന്നവസാനിക്കുന്ന ഇടത്താണ് എന്നെ ഉപയോഗിക്കാറുള്ളത്. ഈ അത്ഭുത സംഭവം നടക്കുന്നതിന് മൂന്ന് ദിവസം മുമ്പ് ഒരു മദ്ധ്യാഹ്നത്തിൽ ഞങ്ങളുടെ വംശത്തിന്റെ അടിസ്ഥാനങ്ങൾ പിടിച്ചു കുലുക്കുന്ന ഒരു ഭുകമ്പം ഉണ്ടായി. എല്ലാവരും ആകെ ഭ്രമിച്ചുപോയി. അനേകം ഭൂകമ്പങ്ങൾക്ക് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടുണ്ടെങ്കിലും, ഇത്ര ഘോരമായ ഒരു പ്രകമ്പനം ആദ്യമായിട്ടാണെന്ന് ഞങ്ങളുടെ പഴമക്കാർ പറയുകയുണ്ടായി. അതിശക്തമായ ഈ കുലുക്കത്തിന്റെ ഉലച്ചിലിൽ അനേകം ശിലാപാളികൾക്ക് സ്ഥാനച്ചലനം സംഭവിച്ചു. ഭൂമിയ്ക്ക് താങ്ങാനാവാത്ത ഏതോ കഠിനമായ ദു:ഖത്താൽ ആകാം ഇത്ര



വലിയ ഇളക്കം തട്ടിയതെന്ന് ആരോ വിളിച്ചു പറയുന്നത് കേട്ടു. പിന്നീടാണറിഞ്ഞത്, സാക്ഷാൽ ലോക സൃഷ്ടിതാവായ ശ്രീയേശു ക്രൂശിൽ മരിക്കുമ്പോൾ അത് താങ്ങാനാവാതെ സൂര്യ-ചന്ദ്രന്മാരും, വാനഗോളങ്ങളും മുഖം മറച്ചപ്പോൾ ഭൂമിയും അതിനോട് പങ്കുചേർന്ന് സ്വസ്ഥാനത്തുനിന്ന് ആടി ഉലഞ്ഞതാണെന്ന്.

ഈ അത്ഭുതം നടക്കുന്നതിന് ചില ദിവസങ്ങൾക്ക് മുമ്പ് ചിലർ ജോസഫ് സാറിനെ തേടിയെത്തി. ലോകരക്ഷകന്റെ തിരുശരീരം അടക്കം ചെയ്യുവാൻ ഒരു ഇടം ആവശ്യമുണ്ടെന്ന് അവർ അദ്ദേഹത്തോട് പറയുകയുണ്ടായി. താൻ സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്ത ദൈവപുത്രന്റെ അടക്കച്ചുമതല സാർ നേരിട്ട് ഏറ്റെടുത്തു. അദ്ദേഹം തന്നെ ഗവർണറെ നേരിട്ട് കണ്ട് യേശുവിന്റെ ശരീരത്തിനായി ആവശ്യപ്പെട്ടതനുസരിച്ച് അനുവാദം ലഭിച്ചു. തുടർന്ന് ശവസംസ്ക്കാരത്തിനായുള്ള തിരക്കിട്ട പരിപാടികൾ നടന്നു. വിലപിക്കുന്ന വലിയൊരു കൂട്ടം സ്ത്രീകളും, യേശുവിന്റെ അമ്മയായ മറിയയെയും ഞാനന്ന് നേരിൽ കണ്ടു. താൻ സൗഖ്യമാക്കിയ അനേകം രോഗികൾ വന്ന് യേശുവിനെക്കുറിച്ച് നല്ല വാക്കുകൾ പറയുന്നത് കേട്ടു. ആ ശിഷ്യന്മാരിൽ പലരെയും കാണുന്നില്ലല്ലോയെന്ന് പുരുഷാരത്തിൽ നിന്ന് ചിലർ അടക്കം പറയുന്നത് കേട്ടു. അതെ! യേശു ഏറ്റവും സ്നേഹിച്ച പ്രിയ ശിഷ്യനായ യോഹ

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ എട്ടാം വർഷത്തിലേക്ക് പ്രവേശിക്കുന്നു

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി (സായാഹ്ന കോഴ്സ്) | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

ആത്മീയ അന്തരീക്ഷം
സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

അടുത്ത ബാച്ച് 2013 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, PTA, Kerala- 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

## സുവിശേഷത്തിന്റെ സാദ്ധ്യതകൾ



**പാസ്റ്റർ ബിജു ബഞ്ചമിൻ**

മനുഷ്യജാതിയെ സ്വാധീനിച്ചിട്ടുള്ള സിദ്ധാന്തങ്ങളിൽ സുവിശേഷത്തിന് ലഭിച്ച സ്ഥാനം വളരെ വലുതാണ്. പീഡന പർവ്വങ്ങൾ അനവധി തരണം ചെയ്യേണ്ടതായി വന്നെങ്കിലും സുവിശേഷം ഇന്നും അചഞ്ചലമായി ജനഹൃദയങ്ങളിൽ പ്രത്യാശയുടെ സന്ദേശം പരത്തുന്നു. പാപത്തിൽ കഴിയുന്ന മാനവജാതിക്ക് പരിശുദ്ധിയിലേക്കുള്ള പ്രവേശനകവാടമായി സുവിശേഷം മാറുന്നു. അർത്ഥമില്ലാത്ത ജീവിതം നയിച്ചവരുടെ ജീവിതം സുവിശേഷം അർത്ഥസമ്പൂർണ്ണമാക്കുന്നു. മദ്യവും മയക്കുമരുന്നും തകർത്ത ജീവിതങ്ങളെ സമൂഹത്തിന് പ്രയോജനമുള്ളവരാക്കി സുവിശേഷം മാറ്റുന്നു. അടിച്ചമർത്തപ്പെട്ടവരും പാർശ്വവത്കരിക്കപ്പെട്ടവരും സുവിശേഷത്തിലൂടെ വ്യക്തിത്വം കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരുന്നു. സുവിശേഷത്തിന്റെ ജൈത്രയാത്ര ഇന്നും അനസ്യൂതം തുടരുന്നു.

സുവിശേഷത്തിന് രണ്ട് തലങ്ങളുണ്ട്. ഒന്ന് മാനുഷിക തലം, മറ്റൊന്ന് അമാനുഷിക തലം. "ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക അതാകുന്നു എന്റെ സുവിശേഷം" (2 തിമൊ. 2:8) എന്നാണ് പൗലൊസ് സുവിശേഷത്തെ നിർവ്വചിക്കുന്നത്. മാനവജാതിയുടെ രക്ഷയ്ക്കായി യേശു മന്നിലവതരിച്ചത് മാനുഷിക നിലയിലായിരുന്നു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" (യെശ. 7:14) എന്നായിരുന്നു യേശുവിനെക്കുറിച്ചുള്ള പ്രവചനം. സ്വാഭാവിക മാതാപിതാക്കളുടെ മകനായി യേശു ജനിച്ചു. സ്വാഭാവിക കുടുംബത്തിൽ വളർന്നു. വിശപ്പും, ദാഹവും ഉള്ളവനായി ജീവിച്ചു. എന്നാൽ അവന്റെ ജനനം പരിശുദ്ധാത്മാവിനാലായിരുന്നു. ഇത് യേശുവിലെ അമാനുഷിക തലത്തിന്റെ അടയാളമായിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വളർന്നു വന്ന യേശു ജനങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും വെളിപ്പെടുത്തി. യേശുവിലുള്ള ദൈവീകതയും അമാനുഷികതയും വെളിപ്പെട്ടത് മനുഷ്യജീവിതങ്ങളിലായിരുന്നു. വേറെ വാക്കിൽ പറഞ്ഞാൽ സുവിശേഷം മനുഷ്യർക്ക് വേണ്ടിയുള്ളതെന്ന് യേശു വെളിപ്പെടുത്തി.

യേശുവും ശിഷ്യന്മാരും ശബ്ബത്തിൽ ഒരു വിളഭൂമിയിലൂടെ യാത്ര ചെയ്യുമ്പോൾ ശിഷ്യന്മാർ വിശന്നിട്ട് കതിർ പറിച്ച് തിന്നു തുടങ്ങി. പരീശന്മാർ അത് കണ്ടിട്ട് ഇതാ ശബ്ബത്തിൽ വിഹിതമല്ലാത്തത് നിന്റെ ശിഷ്യന്മാർ ചെയ്യുന്നു എന്ന് യേശുവിനോട് പറഞ്ഞു (മത്തായി 12:1-16). ശിഷ്യന്മാരുടെ മനോഗതം അറിഞ്ഞ യേശു നൽകിയ മറുപടി ക്രൈസ്തവ വേദശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളിലൊന്നാണ്. മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല, ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായത് (മർക്കൊസ് 2:27). സുവിശേഷവും, വേദശാസ്ത്രവും സഭയും മനുഷ്യന്റെ ജീവനുവേണ്ടിയാണ് നിലനിൽക്കേണ്ടത് എന്ന് ഈ വാക്കുകളും തെളിയിക്കുന്നു. ഭൂമിയിൽ ഇന്ന് സഹായത്തിനും കരുണയ്ക്കും വേണ്ടി കേഴുന്നവരുടെ സംഖ്യ വളരെ വലുതാണ്. "വലത്തോട്ടു നോക്കി കാണേണമേ; എന്നെ അറിയുന്നവർ ആരുമില്ലല്ലോ. ശരണം എനിക്ക് പൊയ്പ്പോയിരിക്കുന്നു; എന്റെ പ്രാണനുവേണ്ടി ആരും കരുതുന്നില്ല" (സങ്കീ 142:4). സങ്കീർത്തനത്തിലെ ഈ വാക്കുകൾ ആഗോള വ്യാപകമായി മനുഷ്യന്റെ എക്കാലത്തേയും വിലാപമാണ്. കാൽവറി ക്രൂശിൽ യേശു ഈ വിലാപത്തോട് അനുരൂപനായി കഷ്ടത ഏറ്റു വാങ്ങി. തങ്ങൾക്കു വേണ്ടി ആരും പ്രാർത്ഥിക്കുവാനില്ലാത്തവരായി, കരുതുവാനില്ലാത്തവരായി ഇന്നും കോടികൾ ഭൂമിയിൽ പാർക്കുന്നു. തള്ളപ്പെടുന്ന ആ വലിയ കൂട്ടം ജനസമൂഹത്തിന് വേണ്ടിയും ഉള്ളതാണ് സുവിശേഷം. അവരോടുള്ള സ്നേഹവും കരുതലുമാണ് യേശുക്രിസ്തുവിന്റെ വാക്കുകളിൽ നിറഞ്ഞു നിൽക്കുന്നത്. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യ പുത്രൻ വന്നത് "(ലൂക്കൊസ് 19:10). "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല , ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത് (മർക്കൊസ് 10:45)".

ആധുനിക കാലഘട്ടത്തിലെ സുവിശേഷ പ്രവർത്തനങ്ങൾ ജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങളെ നിരാകരിക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കും. ആഗോളവത്കരണത്തിന്റെ വക്താക്കളായി അവർ മാറിപ്പോകുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പാശ്ചാത്യ സംസ്കാരത്തിന്റെ പച്ചയായ അനുകരണം നമ്മുടെ ജീവിത ശൈലിയിലും വിശ്വാസങ്ങളിലും ആചാരങ്ങളിൽ പോലും കൊടികുത്തി വാഴുന്നു. മനുഷ്യർ സ്വാർത്ഥതയുടെ പര്യായങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെയാണ് യേശുവിന്റെ മാതൃക ഉദാത്തമാകുന്നത്. സുവിശേഷത്തിന്റെ പേരിൽ പടുത്തുയർത്തപ്പെടുന്ന പല സംരംഭങ്ങളിലും സാധാരണക്കാർക്ക് പ്രവേശനമില്ലാതെയാകുന്നു. ആതുരാലയങ്ങൾ അറവുശാലകളായി രൂപാന്തരപ്പെടുന്നു. അനാഥരുടെയും സഹായമില്ലാത്ത വൃദ്ധജനങ്ങളുടെയും എണ്ണം വർദ്ധിക്കുന്നു. കൊച്ചു കുഞ്ഞുങ്ങളും യുവതികളും തെരുവിൽ പിച്ചിച്ചീന്തപ്പെടുന്നു. സർക്കാർ സംവിധാനങ്ങൾ കുത്തകക്കാരുടെ ക്ലബ്ബുകളായി തരംതാണിരിക്കുന്നു. എന്നത്തെക്കാളും വർഗ്ഗീയതയും ജാതി ചിന്തകളും മനുഷ്യഹൃദയങ്ങളിൽ സംഹാരതാണ്ഡവമാടുന്നു. സംഘടനകൾ മത്സരബുദ്ധിയോടെ തമ്മിൽ പൊരുതുന്നു. സ്നേഹമെന്ന സാർവ്വലൗകിക നന്മയുടെ ചേതനയറ്റിരിക്കുന്നു. പ്രത്യാശ നഷ്ടപ്പെട്ട മനുഷ്യരുടെ ദീനരോദനം ഉലകിലെങ്ങും ഉയർന്നു കേൾക്കുന്നു. ഈ പശ്ചാത്തലത്തിലാണ് സുവിശേഷ സന്ദേശത്തിന്റെ സാദ്ധ്യത എക്കാലത്തെക്കാളും ഉയർന്ന് നിൽക്കുന്നത്.

പഴയനിയമ വിശ്വാസത്തെയും ന്യായപ്രമാണത്തെയും ആചാരങ്ങളെയും ഇസ്രായേൽ സ്ഥാപിതവത്കരിച്ചപ്പോൾ ദൈവീക ഭക്തി യേശു ജനകീയവത്കരിച്ചു. സമയകാലഭേദമെന്യേ ജനങ്ങൾക്ക് നന്മ ചെയ്യുന്നതാണ് ശരിയായ ഭക്തി എന്നവൻ ഉറപ്പിച്ചു പറഞ്ഞു. "യാഗത്തിലല്ല കരുണയിലത്രേ ദൈവം പ്രസാദിക്കുന്നത്" എന്ന് ജനങ്ങൾ അറിയുവാൻ യേശു ആഗ്രഹിച്ചു (മത്തായി 12:7). സുവിശേഷം ജനഹൃദയങ്ങളിൽ അനുഭവവേദ്യമാകുന്നത് അത് അവരുടെ പ്രശ്നങ്ങളോട് സംവദിക്കുമ്പോഴാണ്. സുവിശേഷകർക്ക് അങ്ങനെയുള്ള മനോഭാവമാണ് അഭികാമ്യം.

ഇന്നത്തെ സുവിശേഷകരായ നമ്മുടെ മുന്നിലുള്ളത് വലിയ വെല്ലുവിളിയാണ്. സുവിശേഷത്തിന്റെ അർത്ഥം ഒട്ടും ചോർന്നുപോകാതെ, സ്ഥാപിതവത്കരിക്കപ്പെടാതെ, സ്വാർത്ഥ താൽപ്പര്യങ്ങളിൽ കുടുങ്ങിപ്പോകാതെ അതിന്റെ പ്രവർത്തനതലമായ ജനഹൃദയങ്ങളിൽ അത് കടന്നുചെല്ലണം. ജനങ്ങളെ രൂപാന്തപ്പെടുത്തുവാനുള്ള വലിയ സാദ്ധ്യത ഇന്നും സുവിശേഷത്തിന്റെ മുന്നിൽ നിലകൊള്ളുന്നു. പക്ഷെ, നമ്മെക്കൂടാതെ അത് സാദ്ധ്യമാവുകയില്ല. സുവിശേഷം ജനങ്ങളിലെത്തിക്കുവാൻ നമുക്ക് ശ്രമിക്കാം.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*